# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.722 29.09.2016 ൽ മറുപടിക്ക്**

**ഓടകൾ വൃത്തിയാക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദുറബ്ബ് | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) റോഡിന്റെ വശങ്ങളിലും അല്ലാത്തിടങ്ങളിലുമുള്ള ഓടകൾ വൃത്തിയാക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) നിശ്ചയിച്ചിട്ടില്ല. മഴവെള്ളം ഒഴുകിപോകുന്നതിനു തടസ്സം നേരിടുന്ന ഭാഗങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ മൺസൂൺ കാലത്തിനു മുമ്പായി നടത്തണമെന്നും വർഷം 3 തവണയെങ്കിലും നടത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) യഥാസമയം വൃത്തിയാക്കാത്തതിനാൽ മാലിന്യം നിറഞ്ഞ് ജലമൊഴുക്ക് നിലച്ച് റോഡുകൾക്ക് നാശം വരുത്തുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ നീക്കം ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ മാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ഫണ്ടിന്റെ ലഭ്യതയനുസരിച്ചും ഭരണാനുമതി നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) ഓട വൃത്തിയാക്കുന്നതിനായി സ്ലാബ് മാറ്റാൻ ജെ. സി. ബി. ഉപയോഗിക്കുന്നതു കൊണ്ട് നശിച്ചുപോകുന്ന സ്ലാബുകൾ പുന:സ്ഥാപിക്കാത്തതിനാൽ ഉണ്ടാകുന്ന അപകടങ്ങളും നാശനഷ്ടങ്ങളും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ? | സി) ഓട വൃത്തിയാക്കുന്നതിന്റെ ഭാഗമായി യന്ത്രങ്ങൾ ഉപയോഗിച്ച് സ്ലാബുകൾ മാറ്റം ചെയ്യുമ്പോൾ കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ പകരം സ്ലാബുകൾ ഇടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ